**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3086** — **18-03-2022 - ൽ മറുപടിയ്ക്ക്**

**ഉൾനാടൻ മത്സ്യ കൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി** | | **null**<br>**(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | ഉൾനാടൻ മത്സ്യസമ്പത്തിന്റെ സംരക്ഷണവും പരിപാലനവും നടത്തുന്നതിന് 2021-22 കാലയളവിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (എ) | മൽസ്യവിഭവങ്ങളുടെ സംരക്ഷണവും പരിപാലനവും ലക്ഷ്യമിട്ടുകൊണ്ട് ഉൾനാടൻ ജലാശയങ്ങളിൽ മൽസ്യങ്ങളുടെ വംശനാശം തടയുന്നതിനായി അശാസ്ത്രീയവും അനധികൃതവുമായ മൽസ്യബന്ധന രീതികൾ നിരോധിച്ചിട്ടുണ്ട്. നിയമവിരുദ്ധ മൽസ്യബന്ധനം കണ്ടെത്തുന്നതിനും തടയുന്നതിനുമായി പട്രോളിങ്ങ് ഊർജിതപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി ഈ സാമ്പത്തിവർഷം 22 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ആയതനുസരിച്ച് പട്രോളിങ്ങ് പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുകയും ചെയ്യുന്നു. മാത്രവുമല്ല അനധികൃതമായി സ്ഥാപിച്ചിട്ടുള്ള ഊന്നി/ ചീനവലകൾ നീക്കം ചെയ്യുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ ഉൾനാടൻ ജലാശയ ങ്ങളിലെ മൽസ്യസമ്പത്ത് സംരക്ഷിക്കുന്നതിനും വർദ്ധിപ്പിക്കുന്ന തിനുമായി പൊതുജലാശയങ്ങളിലും പുഴകളിലും മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന ഫിഷ് സ്റ്റോക്ക് എൻഹാൻസ്മെൻറ് പ്രോഗ്രാം ( റാഞ്ചിങ്ങ്) പദ്ധതി നടപ്പാക്കിവരുന്നു. ഇതിനായി നടപ്പ് സാമ്പത്തിക വർഷം 300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി കാർപ്പ് , ആറ്റുകൊഞ്ച്, കാര ചെമ്മീൻ, നാരൻചെമ്മീൻ, പൂമീൻ തുടങ്ങിയ മത്സ്യ/ ചെമ്മീൻ കുഞ്ഞുങ്ങളെ സംസ്ഥാനത്തെ വിവിധ ജലാശയങ്ങളിൽ നിക്ഷേപിക്കുന്നു. ആയതനുസരിച്ച് 366.50 ലക്ഷം മത്സ്യ/ ചെമ്മീൻകുഞ്ഞുങ്ങളെ സംസ്ഥാനത്തെ 93 ജലാശയങ്ങളിൽ നിക്ഷേപിച്ചു. കൂടാതെ ജലസംഭരണികളിൽ മൽസ്യഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി തദ്ദേശീയ ഇനത്തിൽപ്പെട്ട മൽസ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന റിസർവോയർ പദ്ധതി നടപ്പാക്കുന്നതിന് 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങളുടെ ഭാഗമായി തെന്മല, ഇടുക്കി, ഭൂതത്താൻകെട്ട്, ഷോളയാർ (ലോവർ), പെരിങ്ങൽകുത്ത്, എന്നീ 5 റിസർവോയറുകളിലായി വംശനാശ ഭീഷണി നേരിടുന്നത് ഉൾപ്പെടെ തദ്ദേശിയ വിഭാഗത്തിൽപ്പെട്ട endemic carp, endemic cat fish, കുയിൽമത്സ്യം, വരാൽ തുടങ്ങിയവയുടെ 18.76 ലക്ഷം മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ചു. ഇതിനു പുറമെ പാലക്കാട് ജില്ലയിലെ വിവിധ റിസർവോയറുകളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് 32.25 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി. ആയത് അനുസരിച്ച് പാലക്കാട് ജില്ലയിലെ മലമ്പുഴ, മംഗളം, മീങ്കര, ചുള്ളിയാർ, കാഞ്ഞിരംപുഴ എന്നീ 5 ജലസംഭരണികളിൽ 49.59 ലക്ഷം മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ചു. |
| (ബി) | ഉൾനാടൻ മത്സ്യകൃഷിയുടെ ഉല്പാദനം വർദ്ധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷത്തെ കണക്ക് ലഭ്യമാക്കുമോ; | (ബി) | ഉൾനാടൻ മത്സ്യകൃഷിയുടെ ഉല്പാദനം വർദ്ധിച്ചിട്ടുണ്ട്. മൽസ്യ ലഭ്യത സംബന്ധിച്ച വിവരങ്ങൾ<br>മൽസ്യകൃഷിയിൽ നിന്നുള്ള ഉല്പാദനം 2018-19 സാമ്പത്തിക വർഷം - 24511 ടൺ,<br>മൽസ്യകൃഷിയിൽ നിന്നുള്ള ഉല്പാദനം 2019-20 സാമ്പത്തിക വർഷം - 25087 ടൺ,<br>മൽസ്യകൃഷിയിൽ നിന്നുള്ള ഉല്പാദനം 2020-21 സാമ്പത്തിക വർഷം - 34987 ടൺ, |
| (സി) | തോട്ട പൊട്ടിച്ച് മീൻ പിടിക്കുന്നതുൾപ്പടെയുള്ള നിയമ വിരുദ്ധ ഉൾനാടൻ മത്സ്യബന്ധനം തടയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | പൊതുജലാശയങ്ങളിലും, പുഴകളിലും തോട്ട പൊട്ടിച്ച് മീൻ പിടിക്കുന്നത് ഉൾപ്പെടെയുള്ള നിയമ വിരുദ്ധ ഉൾനാടൻ മൽസ്യബന്ധനം തടയുന്നതിന് നിരന്തരമായി കായൽ പട്രോളിങ്ങ് ഫിഷറീസ് വകുപ്പ് വഴി നടപ്പാക്കിവരുന്നു. നിയമ വിരുദ്ധ ഉൾനാടൻ മൽസ്യബന്ധനം നടത്തുന്നവർക്കെതിരേ പിഴ ചുമത്തുന്നത് ഉൾപ്പെടെയുള്ള നിയമാനുസൃത നടപടികൾ സ്വീകരിച്ചു വരുന്നു. 2021-22 വർഷം ഫിഷറീസ് വകുപ്പ് വഴി 662 എണ്ണം കായൽ പട്രോളിങ്ങ് നടത്തിയിട്ടുണ്ട്. അനധികൃത മൽസ്യബന്ധനം കണ്ടെത്തിയ 38 കേസുകളിൽ പിഴ ചുമത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ